അച്ഛന്റെ ഷർട്ടുകൾ

കെ. ജി. എസ്.

അച്ഛന്റെ ഷർട്ടുകൾ
കെ. ജി. എസ്.
(മലയാളം: കവിത)

© 2021, KGS

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: St Joseph with the Infant Jesus, a painting by Guido Reni (1575–1642). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

അച്ഛന്റെ ഷർട്ടുകൾ



മോർച്ചറിയിലെ മഞ്ഞിൽ നിന്നിറങ്ങി
അച്ഛൻ ചിതയിലെ സൂര്യനിൽ മറഞ്ഞു;
അപ്പോൾ ചിറകുണ്ടായിരുന്നു
അച്ഛനെന്ന് തോന്നി,
അത് അയഞ്ഞ ജുബ പോലെന്നും തോന്നി.

പേടിച്ചും ശങ്കിച്ചുമൊരുനാൾ
അച്ഛന്റെ അലമാര തുറന്നു.
നിറയെ കുപ്പായങ്ങൾ;
ഇപ്പോഴും അച്ഛൻ മണക്കുന്നവ
പത്തി താഴും മുൻപ്
അച്ഛൻ പൊഴിച്ച പടങ്ങൾ,
ഉലഞ്ഞും ചുളിഞ്ഞും തളർന്നും.
ഒന്നും മിണ്ടാതെയും.

എന്നോട് സംസാരിച്ചിരുന്ന പണ്ടിവ:
സ്കൂളിലേക്ക് പോകുന്ന
വയലിൽ പോകുന്ന
വിയർത്തൊലിച്ച
മഴ നനഞ്ഞു... എന്നിങ്ങനെ.



അച്ഛന്റെ ഷർട്ടിടാൻ പെരുത്തിഷ്ടം
കുഞ്ഞുന്നാളിൽ.
അച്ഛനെപ്പോലവ എന്നെ കവിഞ്ഞ്
മൂടിപ്പുണർന്നു.
പെരുമഴക്കാലവും
കൊടും മഞ്ഞുകാലവും കടക്കാൻ
ആ ഷർട്ടുകളായിരുന്നു എനിക്ക് പായ്ക്കപ്പൽ...

വേഷങ്ങളെഴുതുന്നുണ്ട്, നാം അരങ്ങിലാടുന്ന
വിശ്വാസത്തിന്റെ ചരിത്രം.

ഇപ്പോഴെങ്കിലും ചിലതെനിക്ക്
പാകമായാലോ...?
ചിലതിൽ ഞാൻ കേറിക്കൂടി.
ചിലതെന്നെ സ്കൂൾമാഷാക്കി.
ചിലത് കർഷകനും.
ചിലതെന്നെ പുരാതനനാക്കി
ചിലത് നവോത്ഥാനി
ചിലത് ദേശീയവാദി
ചിലത് ഗാന്ധിയൻ
ചിലത് കമ്യൂണിസ്റ്റ്
ചിലത് തോറ്റ കോമാളി.
ചിലതണിയുമ്പോൾ മറ്റൊന്നിനി ഞാൻ
മാറിയണിയില്ലെന്ന് തോന്നി.
മന്ത്രം പോലെ മുറുകിയ കട്ടിക്കോട്ടിലെ
ചന്ദനം തുളസി കർപ്പൂരസാന്ദ്രതയെന്നെ
ശ്വാസം മുട്ടിച്ചു.

അവസാനകാലത്ത് അച്ഛനിഷ്ടം
എന്റെ ടീ ഷേർട്ടിട്ട് പയ്യനാവാൻ.

മനസ്സിലായെനിക്ക്:
മരിച്ച പിതാക്കളുടെ വേഷം
ചേരില്ല മക്കൾക്ക്.
വളരുന്ന മക്കളുടെ വേഷം
വൃദ്ധപിതാക്കൾക്കും.

അവരണിഞ്ഞ കോലം
അവരുടെ കാലം.
അച്ഛന്റെ പുളവും ഫലിതവും
അന്നേ പഴകി.
അവർ, പിന്നിലേക്ക് പൊരുത്തപ്പെട്ടവർ.
അച്ഛന് ഗരിമ
എനിക്ക് പഴമ...

മാർക്സ് അച്ഛനെഴുതിയ യുക്തികൾ പോലെയോ
കാഫ്ക അച്ഛനെഴുതിയ മനസ്സ് പോലെയോ
ചേരുന്നേയില്ല പലതുമെനിക്ക്.

ഉടൽ ചേർന്നാൽ കൈ ചേരില്ല.
ഉടലും കൈയും ചേരുന്നതിന്റെ കോളർ
വാടിയ കുഞ്ഞാടിൻ ചെവികൾ...
അച്ഛന്റെ മാറത്തവ
ഇണങ്ങിച്ചേർന്ന് കണ്ടിട്ടുണ്ട്.
ബുദ്ധന്റെ മാറത്തെന്ന പോലെ.

□

ഡ്രോയിങ്: വി. ആർ. സന്തോഷ്
ചിത്രങ്ങൾ: പോൾ ക്ലീ

RIVER VALLEY
DIGITAL LIBARY
empowering the author ...

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരപ്രോത്സാഹനത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം
695014